(b) of these how many were settled by conciliation and how many were referred to Industrial Tribunal ; and

(c) how many disputes resulted in satyagraha ?

Answer

(a) 3256

(b) 1. Settled by Conciliation 2734

2. Referred to Industrial Tribunal for adjudication 78

(c) 78

കല്ലങ്കു പണി.

87. [7] ശ്രീ. പി. എം. മാക്കോസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണർക്കാട്—തിരുവഞ്ചൂർ റോഡിൽ മൂന്നുപാലത്തുങ്കൽ ഒരു കല്ലങ്കു തീർത്തു് കരിനിലംപാടത്തു കൃഷിക്കു വെള്ളം കയറുന്നതിനും യാത്രാ സൗകര്യത്തിനുംവേണ്ടി പൊതുജനങ്ങളിൽനിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) ടി കല്ലങ്കു് ഏറ്റവും പ്രാധാന്യമുള്ളതാകയാൽ ഉടനെ കല്ലങ്കു പണിയിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) കല്ലങ്കു് പണിയുവാനുള്ള നടപടികൾ എടുത്തിട്ടുണ്ടു്.

ഇലക്ട്രിക്കലൈൻ നീട്ടിക്കിട്ടണമെന്നു് നിവേദനം.

88. [8] ശ്രീ. പി. എം. മാക്കോസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജയപുരം നിയോജകമണ്ഡലത്തിന്റെ കേന്ദ്രങ്ങളായ അയർക്കുന്നം ചന്തയിലേയ്ക്കും, ആനിക്കാട്ട ചന്തയിലേയ്ക്കും ഇലക്ട്രിക്കലൈൻ നീട്ടിക്കിട്ടുമെന്നു് ആവശ്യപ്പെടുന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടു്;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അയർക്കുന്നത്തെ ലൈൻ എക്സ്റ്റെൻഷൻ ആദായകരമല്ലെന്നു അന്വേഷണത്തിൽനിന്നും മനസ്സിലായതിനാൽ അതു് മിനിമം ഗാരന്റി അടിസ്ഥാനത്തിലെ ചെയ്യുവാൻ സാധിക്കുകയുള്ളു എന്നു് അപേക്ഷകരെ അറിയിച്ചിട്ടുണ്ടു്. എന്നാൽ അതിനുശേഷം ആരും

LIBRARY ARCHIVES Kerala Legislative Assembly

മിനിമം ശാരൻറി തരുവാൻ ഇതുവരെ മുന്നോട്ടു വന്നിട്ടില്ല. അതിനുവേണ്ടി ലേയ്ക്ക് ലൈൻ നീട്ടുന്നതിനുള്ള ഒരു അപേക്ഷ 5-55-ൽ കിട്ടിയിട്ടുണ്ട്. അതു് അനേഷണത്തിലിരിക്കുകയാണു്.

(സി) ഉദിക്കുന്നില്ല.

അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റം.

89. [11] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി പ്രൈവറ്റ് സ്കൂൾ അദ്ധ്യാപക സംഘടനയുടെ ആഹ്വാനപ്രകാരം പണിമുടക്കിൽ ഏർപ്പെട്ടതിനു് അദ്ധ്യാപകസംഘടനയുടെ പ്രവർത്തകരെ സ്ഥലംമാറ്റിയതായും മറ്റു തരത്തിലുള്ള ശിക്ഷണനടപടികൾ എടുത്തിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനേൽ എന്തു നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു ;

(സി) പെരുന്ന എൻ. എസ്സ്. എസ്സ്. ഇംഗ്ലീഷ് ഹൈസ്കൂളിലെ അവൈതനധ്യാപകന്മാരെ ഇത്തരത്തിൽ വിവിധ സ്ഥലങ്ങളിലേയ്ക്കു സ്ഥലം മാറ്റിയിട്ടുള്ളതായി അറിയാമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) മാനേജർക്കു് തൻറെ കീഴിലുള്ള സ്കൂളുകളിലേയ്ക്കു് അദ്ധ്യാപകന്മാരെ സ്ഥലംമാറ്റം ചെയ്യാനുള്ള അധികാരമുള്ളതുകൊണ്ടു് അക്കാര്യത്തിൽ ഗവണ്മെൻറ് ഇടപെട്ടിട്ടില്ല. പണിമുടക്കിയ ദിവസത്തെ ശമ്പളം പിടിക്കരുതെന്നു് കല്പനയായിട്ടുണ്ടു്. ശമ്പളം കിട്ടിയിട്ടില്ലെന്നുള്ള പരാതിയെപ്പറ്റി അനേഷിക്കുന്നുണ്ടു്.

(സി) അറിയാം.

വിഴിഞ്ഞം-പൂവാർ റോഡു് നന്നാക്കൽ.

90. [17] ശ്രീ. ഡി. വിനോദാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളരെക്കാലമായി മെറ്റൽ ചെയ്യാത്തതുകൊണ്ടും സൈഡ് കെട്ടാത്തതുകൊണ്ടും വിഴിഞ്ഞം-പൂവാർ റോഡു് ഇടിഞ്ഞു പൊളിഞ്ഞും വീതി കുറഞ്ഞും യാത്രയ്ക്കു് വളരെ അസൗകര്യം ഉണ്ടാക്കുന്നുണ്ടോ ;

(ബി) ഈ അസൗകര്യം പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു് ?

ഉത്തരം.

(എ) ഈ റോഡിൻറെ ചില ഭാഗങ്ങൾ കേടുവന്നിരിക്കുന്നതിനാൽ യാത്രയ്ക്കു് അല്പം അസൗകര്യം ഉണ്ടു്.

(ബി) ഈ റോഡു് നന്നാക്കുന്നതിലേയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly